# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.839 — 30.11.2018-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് അക്കാഡമി**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മണ്ണന്തലയിൽ പ്രവർത്തിച്ചിരുന്ന സിവിൽ സർവ്വീസ് അക്കാഡമി അടച്ച് പൂട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | ഇല്ല. മുമ്പ് നാമമാത്രമായി സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന രീതിക്ക് പകരമായി 300 പേർക്ക് പരിശീലനം നൽകുന്നതിനാണ് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുള്ളത്. 2018-19 മുതൽ കേരള സർക്കാർ സംരംഭമായ കേരള സിവിൽ സർവ്വീസ് അക്കാദമി മുഖേനയാണ് പരിശീലനം നൽകി വരുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനം എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്നും അവിടെ പരിശീലനം പൂർത്തിയാക്കിയ എത്ര വിദ്യാർത്ഥികൾക്ക് ഇതിനകം സിവിൽ സർവ്വീസിൽ പ്രവേശനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സ്ഥാപനം 1989 -ൽ ആരംഭിച്ചു. സ്ഥാപനം ആരംഭിച്ചത് മുതൽ പരിശീലനം പൂർത്തിയാക്കി വിവിധ സർവ്വീസുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | വർഷം | പേര് | സർവ്വീസ് |
|---|---|---|---|
| 1 | 2002 | വി.കെ. പ്രശാന്ത് | IRS |
| 2 | 2003 | കെ. സേതുരാമൻ | IPS |
| 3 | 2003 | അനിൽകുമാർ | IRTS |
| 4 | 2004 | കെ.കെ. സുജ | IRTS |
| 5 | 2005 | സുജ സുരേന്ദ്രൻ | IES |
| 6 | 2010 | ലൈനാ ബാലൻ | IRS |
| 7 | 2010 | പ്രദീപ് കെ.എസ് | IFOS |
| 8 | 2010 | വിസ്മിജു വിശ്വനാഥ് | IFOS |
| 9 | 2011 | മിഥുൻ ടി.ആർ. | IFS |
| 10 | 2012 | ഡോ. ലില്ലി ജി | IFS |
| 11 | 2016 | മിഥുൻ വി സോമരാജ് (2010-11 ബാച്ച്) | IRTS |
| 12 | 2016 | വിജീഷ് കുമാർ ടി.ജി (2007-08 ബാച്ച്) | IRS (Central Excise & Customs |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത അക്കാഡമി പൂട്ടിയ സാഹചര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷക്ക് പരിശീലനം നൽകുന്നതിന് എന്ത് ബദൽ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ? | (സി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ ICSETS ഇപ്പോഴും പ്രവർത്തിച്ചു വരുന്നുണ്ട്. സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ സിവിൽ സർവ്വീസ് പരിശീലനം തേടുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സൗജന്യ പരിശീലനം നൽകാൻ 17.05.2018 ലെ സ.ഉ.(കൈ) നം.36/2018/പജപവവിവ പ്രകാരം അനുമതി നൽകിയിരുന്നു. ആയതുപ്രകാരം ടി അക്കാദമിയിലെ പ്രവേശനപരീക്ഷ ക്വാളിഫൈ ചെയ്ത 300 ലധികം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം ലഭിക്കുന്നുണ്ട്. ടി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീ എന്നിവയും നൽകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ICSETS തന്നെയാണ് നിർവ്വഹിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**